മാതൃഭൂമി

13 July 2017



സി.എം.എഫ്.ആർ.ഐ. സംഘടിപ്പിക്കുന്ന സമ്മർ സ്കൂൾ ഫിഷറീസ് വകുപ്പ് ഡയറക്ടർ ഡോ. എസ്. കാർത്തികേയൻ ഉദ്ഘാടനം ചെയ്യുന്നു

# സി.എം.എഫ്.ആർ.ഐ.യിൽ സമ്മർ സ്കൂളിന് തുടക്കമായി

**കൊച്ചി:** കടലിലെ മത്സ്യശേഖരങ്ങളുടെ ശാസ്ത്രീയ നിർണയവുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ അധ്യാപകരെയും ഗവേഷകരെയും പരിശീലിപ്പിക്കുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) സമ്മർ സ്കൂളിന് തുടക്കമായി.

21 ദിവസം നീണ്ടുനിൽക്കുന്ന സമ്മർ സ്കൂളിൽ വിവിധ സർവകലാശാലകളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും അധ്യാപകരും ശാസ്ത്രജ്ഞരുമാണ് പങ്കെടുക്കുന്നത്.

സി.എം.എഫ്.ആർ.ഐ.യിലെ ഫിഷറീസ് റിസോഴ്സ് അസസ്മെൻറ് ഡിവിഷനു കീഴിൽ നടക്കുന്ന സമ്മർ സ്കൂൾ സംസ്ഥാന ഫിഷറീസ് വകുപ്പ് ഡയറക്ടർ ഡോ. എസ്. കാർത്തികേയൻ ഉദ്ഘാടനം ചെയ്തു.

ചെറുമീനുകളെ പിടിക്കുന്നത് തടയുന്നതിനുള്ള മത്സ്യങ്ങളുടെ മിനിമം ലീഗൽ സൈസ് (പിടിക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം) നിയന്ത്രണങ്ങൾ ഒരുപോലെ നടപ്പിലാക്കുന്നതിനു വേണ്ടി എല്ലാ തീരദേശ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളെയും ഒരുമിച്ചിരുത്തി ചർച്ച സംഘടിപ്പിക്കുമെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

ഫിഷറീസ് റിസോഴ്സസ് അസസ്മെൻറ് ഡിവിഷൻ മേധാവി ഡോ. ടി.വി. സത്യാനന്ദൻ, ഡോ. സോമി കുര്യാക്കോസ് എന്നിവർ സംസാരിച്ചു.